# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*292** **11.12.2018-ൽ മറുപടിയ്ക്ക്**

## ലൈഫ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ.ജെ. മാക്സി<br>,, ബി.ഡി. ദേവസ്സി<br>,, കെ. ബാബു<br>" കെ.ആൻസലൻ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി) | |
| എ | മൂന്ന് വർഷത്തിനുള്ളിൽ ഭവന രഹിതരില്ലാത്ത മാതൃകാസംസ്ഥാനമാക്കി ത്തീർക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്ന ലൈഫ് പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; അതിവർഷവും പ്രളയവും ഈ പദ്ധതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; | എ | 2015-16 സാമ്പത്തിക വർഷം വരെ വിവിധ സർക്കാർ നിർമ്മാണ പദ്ധതികൾ പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കിയിട്ടും വ്യത്യസ്ത കാരണങ്ങളാൽ സ്വന്തമായി അടച്ചുറപ്പുള്ള ഒരു കിടപ്പാടം എന്ന സ്വപ്നം പൂർത്തീകരിക്കാൻ കഴിയാത്ത കുടുംബങ്ങൾക്ക് അവരുടെ സ്വപ്നഭവനങ്ങൾ യാഥാർത്ഥ്യം ആക്കുകയെന്നതാണ് ഒന്നാംഘട്ടം ലൈഫ് മിഷൻ ഏറ്റെടുത്ത ദൗത്യം. ഈ പദ്ധതി പ്രകാരം ഡിസംബർ 1, 2018 വരെ 54036 വീടുകളിൽ 49016 വീടുകളുടെ നിർമ്മാണം പൂർത്തിയായി. ബാക്കിയുള്ള 5020 വീടുകളുടെ നിർമ്മാണം ഡിസംബർ അവസാനത്തോടെ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.<br>ലൈഫ് മിഷന്റെ രണ്ടാംഘട്ടമായ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന ധനസഹായം നൽകുന്ന പ്രവർത്തനത്തിൽ ആകെ 184255 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ രേഖകളുടെ പരിശോധന പൂർത്തിയാക്കി ധനസഹായത്തിന് അർഹത നേടിയിട്ടുള്ളത് 78,565 കുടുംബങ്ങളാണ്. ബാക്കിയുള്ള ഗുണഭോക്താക്കളുടെ രേഖാ പരിശോധന നടന്നു വരുന്നതേയുള്ളൂ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം, ഹഡ്കോ വായ്പ വിഹിതം എന്നിവയോടൊപ്പം സംസ്ഥാന പദ്ധതി വിഹിതമായ ഒരു ലക്ഷം രൂപ എന്നിവ കൂടി ചേർന്നതാണ് ഈ വീടുകളുടെ നിർമ്മാണത്തിനുള്ള ധനസ്രോതസ്സ്. |

| | | | |
|---|---|---|---|
| | | | **രണ്ടാംഘട്ട പുരോഗതി**<br>തദ്ദേശസ്വയംഭരണ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം - 78565<br>ഒന്നാംഘട്ടം (ബേസ് മെന്റ് വരെ) പൂർത്തിയാക്കിയവ - 48972<br>രണ്ടാംഘട്ടം (ലിന്റൽ വരെ) പൂർത്തിയാക്കിയവ - 7110<br>മൂന്നാംഘട്ട നിർമ്മാണം (മേൽക്കൂര വരെ) പൂർത്തിയാക്കിയവ - 3164<br>ആകെ പൂർത്തിയായ ഭവനങ്ങൾ - 354<br><br>**മൂന്നാംഘട്ടം**<br>ലൈഫ് മിഷന്റെ മൂന്നാംഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരായ ഗുണഭോക്താക്കളുടെ പുനരധിവാസ പ്രവർത്തനമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 336294 ഗുണഭോക്താക്കളാണ് ഇതിനായി ഗ്രാമസഭകൾ അംഗീകരിച്ച പട്ടികയിലുള്ളത്. ഈ പട്ടികയുടെ വിശദപരിശോധനയും ഏറ്റവും അർഹരായവർക്ക് ആദ്യം വീട് ലഭിക്കത്തക്കവിധം മുൻഗണനാക്രമം നിശ്ചയിക്കലും നടത്തേണ്ടതുണ്ട്. 2018-19 ൽ തന്നെ ഓരോ ജില്ലയിലും പൈലറ്റ് അടിസ്ഥാനത്തിൽ ഓരോ ഭവനസമുച്ചയങ്ങളുടെ നിർമ്മാണം ആരംഭിക്കുകയും അതിനോടനുബന്ധിച്ച് ഗുണഭോക്താക്കളുടെ സാമൂഹിക ശാക്തീകരണ പ്രവർത്തനത്തിനുള്ള മാതൃക വികസിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പൈലറ്റ് ഭവന സമുച്ചയം നിർമ്മാണ പ്രവർത്തി ആരംഭിക്കുന്നതിലേക്കായി തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് സൊസൈറ്റിയെയും ഹാബിറ്റാറ്റ് ടെക്നോളജിയേയും പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസികളായി ചുമതലപ്പെടുത്തി സ്ഥല പരിശോധന നടത്തി എസ്റ്റിമേറ്റ്, ഡിസൈൻ, പ്ലാൻ, ടെണ്ടർ ഡോക്യുമെന്റ് എന്നിവ തയ്യാറാക്കി ടെണ്ടർ ചെയ്യുന്നതിനായി ലൈഫ് മിഷന് നൽകുവാനും വർക്ക് ആരംഭിക്കുമ്പോൾ ആയതിന്റെ മേൽനോട്ടം പി.എം.സി.കളെ ഏൽപ്പിക്കുകയും ചെയ്യുന്നതാണ്. ഭവന സമുച്ചയങ്ങളുടെ |

| | | | |
|---|---|---|---|
| | | | നിർമ്മാണം 2019 ഫെബ്രുവരി 28-ന് മുമ്പായി തുടങ്ങുന്നതിനാണ് ലക്ഷ്യമിടുന്നത്. ലൈഫിന്റെ താഴെ തട്ടിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിരിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. പ്രളയാനന്തര പ്രവർത്തനങ്ങൾ ഏറ്റെടുത്തപ്പോൾ ലൈഫിന് ലഭിച്ചിരുന്ന പ്രാധാന്യം താൽക്കാലികമായി നഷ്ടപ്പെട്ടിട്ടുണ്ട്. കൂടാതെ പ്രളയം സംസ്ഥാനത്തിന് നൽകിയ സാമ്പത്തിക ആഘാതം മിഷന്റെ പ്രവർത്തനത്തെയും ബാധിക്കുന്നതാണ്. |
| ബി | അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താൻ സ്വീകരിച്ച മാനദണ്ഡവും മാർഗ്ഗവും അറിയിക്കാമോ; നിലവിൽ എത്ര പേരാണ് അർഹതയുള്ളവരായി കണ്ടെത്തിയിരിക്കുന്നത്; | ബി | ലൈഫ് മിഷൻ സർവ്വെയിലൂടെ ഗുണഭോക്താക്കളെ കണ്ടെത്താൻ താഴെപ്പറയുന്ന മാനദണ്ഡങ്ങൾ സ്വീകരിച്ചു<br>1. ഭവനരഹിതരായ കുടുംബം<br>2. വാർഷിക വരുമാനം 3 ലക്ഷം രൂപയ്ക്ക് താഴെ<br>3. സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി, പെൻഷൻ എന്നിവർ അംഗങ്ങളായിട്ടുള്ളവർ അനർഹർ<br>4. സ്വകാര്യ ആവശ്യത്തിന് 4 ചക്ര വാഹനം ഇല്ലാത്തവർ<br>5. ഒരു റേഷൻകാർഡിൽ ഒരു വീട് (റേഷൻകാർഡിലുള്ള ആർക്കെങ്കിലും വീടുള്ള പക്ഷം ടി കുടുംബത്തിലെ ആരും അർഹരല്ല)<br>6. പഞ്ചായത്തിൽ 25 സെന്റും, നഗരത്തിൽ 5 സെന്റിലും താഴെ ഭൂമി<br>184255 പേരെ ഭൂമിയുള്ള ഭവനരഹിതരായും 3,36,294 ഭൂരഹിത ഭവനരഹിതരായും കണ്ടെത്തിയിട്ടുണ്ട്. |
| സി | പ്രധാനമന്ത്രിയുടെ ഭവന പദ്ധതിയിൽ ഗുണഭോക്താക്കളായവർക്കും ഭവന നിർമ്മാണം പാതിവഴിയിലായവർക്കും ലൈഫ് പദ്ധതി പ്രകാരം ബാക്കി തുക നൽകുന്നുണ്ടോ; | സി | ഉണ്ട് |
| ഡി | വീട് നിർമ്മാണത്തിനും നിർമ്മാണ സാമഗ്രികൾ നൽകുന്നതിനും കുടുംബശ്രീ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | ഡി | ഭവന നിർമ്മാണത്തിന് ആവശ്യമായ നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്നതിനായി, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ചുകൊണ്ടാണ് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. നിർമ്മാണത്തിന് ആവശ്യമായ നിർമ്മാണ |

| | | | |
|---|---|---|---|
| | | | സാമഗ്രികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർദ്ദേശാനുസരണം നിർമ്മിച്ച നൽകുന്നു. ഇതിനായി ഇതുവരെ 369 കുടുംബശ്രീ യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ